ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ, സി ഫോമുകളുടെ സബ്മിഷൻ ഓൺലൈനായി നൽകൽ, ഓൺലൈൻ റൂം റിസർവേഷൻ, കേരളം കാണാം പദ്ധതി, രാജധാനി എക്സ്പ്രസ് ബ്രാൻഡിംഗ്, പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം എന്നിവയും പുതിയതായി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുന്നു.

3. ടി.ആർ.കെ.എൽ-ന്റെ കീഴിൽ പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികളായ വേളി മെഗാടൂറിസം പദ്ധതി, വർക്കല ടൂറിസം പദ്ധതി എന്നിവ ഉൾപ്പെടുന്നു.

4. ബി.ആർ.ഡി.സി.യുടെ കീഴിൽ ബേക്കലിൽ ഒരു എയർസ്ട്രിപ്പ് ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടിയും സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്

(എഫ്) ഉണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.ടി.ഡി.സി.യെ കഴിഞ്ഞ നാലു വർഷങ്ങളിലും ലാഭത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2006-07, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ യഥാക്രമം 60.43 ലക്ഷം, 46.36 ലക്ഷം, 45.68 ലക്ഷം, 26.67 ലക്ഷം രൂപയുടെ അറ്റാദായം ഉണ്ടായി.

സമഗ്ര തീരദേശ വികസന പദ്ധതി

25(*505) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര തീരദേശ വികസന പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; ഇത് ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നത് ;

(ബി) ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കികഴിഞ്ഞിട്ടുണ്ട് ; ആ ജില്ലകളിൽ പുതുതായി ഉണ്ടാക്കിയ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ; എന്തു തുക അതിനായി ചെലവഴിച്ചു ;

(സി) ഇനി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാനുള്ളതെന്നും, അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നതു സംബന്ധിച്ചും വെളിപ്പെടുത്തുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) തീരദേശ മേഖലയുടെ അടിസ്ഥാന, സാമൂഹിക, സാമ്പത്തിക വികസനമുൾപ്പെടെ സമഗ്രമായ ഒരു വികസന പരിപാടിയാണ് സമഗ്ര തീരദേശ വികസന പദ്ധതി. കുടിവെള്ളവിതരണം, ആരോഗ്യം എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് കുടിവെള്ള പദ്ധതികൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ, സ്കൂളുകൾ, അംഗൻവാടികൾ, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗൈഡ്ലൈറ്റു

LIBRARY ARCHIVES Kerala Legislative Assembly

കൾ, മത്സ്യമാർക്കറ്റ് മുതലായവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി 2007-08-ൽ കാസർഗോഡ് ജില്ലയിൽ 27 പ്രോജക്ടുകൾക്ക് തുടക്കമിട്ടു. ഇവയിൽ പലതും പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റുള്ളവ അന്തിമഘട്ടത്തിലാണ്. ആകെ 6.2 കോടി രൂപ അടങ്കൽ തുകയിൽ 5.75 കോടി രൂപ നാളിതുവരെ വിനിയോഗിച്ചു. 2008-09-ൽ കണ്ണൂർ ജില്ലയിൽ ആരംഭിച്ച ടി പദ്ധതിയുടെ ഭാഗമായി 5 കോടി രൂപയുടെ 27 പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ 27 പദ്ധതികളിൽ മൊബൈൽ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും മൂന്ന് അംഗൻവാടിയും ഒരു കുടിവെള്ള പദ്ധതിയും കമ്മീഷൻ ചെയ്തു. 7 കുടിവെള്ള പദ്ധതികളും, അംഗൻവാടികളും ഏകദേശം 90% പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റു പദ്ധതികളെല്ലാം ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. 2009-10-ൽ സമഗ്ര തീരദേശ വികസന പദ്ധതിക്ക് തെരഞ്ഞെടുക്കപ്പെട്ടത് തൃശൂർ ജില്ലയാണ്. വിവിധ ഇനങ്ങളിലായി 44 പദ്ധതികൾ അവിടെ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) നടപ്പുവർഷം (2010-11) എറണാകുളം, ആലപ്പുഴ ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് 8.80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തലുണ്ട്. പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചിയിൽ സ്ഥാപിക്കുന്ന മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, ഓഷ്യനേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

26(*506) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സ്ഥാപിക്കുന്ന മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, ഓഷ്യനേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങളെ മാറ്റുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ;

(ഡി) ഇതിനായി ഏതൊക്കെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങളുമായി സഹകരിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly